അർബൻ 2020

133 (1604) ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അർബൻ 2020 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സ്വന്തം നിലയിൽ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ ആതനമായ സാങ്കേതിക പരിജ്ഞാനവും, തനത് ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.-കൾ) കാലേക്കൂട്ടി തയ്യാറാക്കാനും പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാരും മറ്റ് ഫണ്ടിംഗ് ഏജൻസികളും നല്കിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ സഹായിക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായി കെ.എസ്.-യു. ഡി.പി.-യെയും, ഡി.പി.ആർ.-കൾ തയ്യാറാക്കുന്ന കൺസൾട്ടൻസി സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനും ഡി.പി.ആർ.-കളുടെ അംഗീകാരത്തിനുമായി തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള ഒരു സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയെയും രൂപതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ.കൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നഗരസഭകൾക്ക് ലഭ്യമാക്കുന്നതിന് വിവിധ അടിസ്ഥാന സൗകര്യവികസന മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. ഈ കൺസൾട്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസികൾ മുഖേന നഗരസഭകൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾ വിലയിരുത്തുന്നതിന് നാല് ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. നഗരസഭയും, കൺസൾട്ടൻസി ഏജൻസിയും, നോഡൽ ഏജൻസിയും തമ്മിലുള്ള ഒരു ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്ന മുറയ്ക്ക്, മേൽപ്പറഞ്ഞ ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകരിക്കുന്ന പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ഡി.പി.ആർ.-കൾ തയ്യാറാക്കി നഗരസഭകൾക്കു നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ന്യൂനപക്ഷക്ഷേമവകുപ്പിലെ ജീവനക്കാരുടെ എണ്ണം

134 (1605) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിൽ എത്ര സ്ഥിരം/ഡെപ്യൂട്ടേഷൻ ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഈ വകുപ്പിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ വകുപ്പുകളിൽ താൽക്കാലിക ജീവനക്കാരെക്കൊണ്ട് 179 ദിവസത്തിൽ കൂടുതൽ തുടർച്ചയായി ജോലിയെടുപ്പിക്കുവാൻ വ്യവസ്ഥയുണ്ടോ ;

(ഡി) എങ്കിൽ ഈ വകുപ്പിൽ പി.എസ്.സി. മുഖേന സ്ഥിര നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന ഓരോ വർഷവും എന്തെല്ലാം ന്യൂനപക്ഷ ക്ഷേമ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്നും അതിനുവേണ്ടി സർക്കാർ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിൽ സ്ഥിരം/ഡെപ്യൂട്ടേഷൻ/ താല്ക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി&ഡി) ന്യൂനപക്ഷ ക്ഷേമവകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലുമാണ് നിയമനം നടത്തുന്നത്. സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്ന മുറയ്ക്ക് നിയമനം പി.എസ്.സി. വഴി നടത്തുന്നതാണ്.

(ഇ) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly